# 13. അഭിപ്രായങ്ങൾ

ഒരേ സമയം പലരുടെയും അഭിപ്രായം സ്വീകരിക്കരുത്.
ഒരു കാര്യം ചെയ്യുമ്പോൾ നമുക്ക് സ്വന്തമായി
ഒരു അഭിപ്രായവും തീരുമാനവും ഉണ്ടാകണം.

ഒരിടത്ത് വൃദ്ധനായ ഒരു കച്ചവടക്കാരൻ ഉണ്ടായിരുന്നു. അയാൾക്ക് ഒരു മകനേ ഉണ്ടായിരുന്നുള്ളൂ. നേരം പുലർന്നാൽ കച്ചവടക്കാരൻ തന്റെ കഴുതപ്പുറത്തു കയറി ദൂരെയുള്ള ചന്തയിലേക്ക് പോകും. അവിടെനിന്ന് സാധനങ്ങൾ വാങ്ങി തിരികെ വന്ന് ആളുകൾക്ക് വില്ക്കും. അതായിരുന്നു അയാളുടെ ജോലി.

അയാളുടെ മകൻ നല്ല അനുസരണമുള്ള കുട്ടിയായിരുന്നു. അവൻ നന്നായി പഠിക്കുകയും അഛനെ പലവിധത്തിലും സഹായിക്കുകയും ചെയ്യുമായിരുന്നു.



ഒരു ദിവസം അവർ രണ്ടുപേരും ദൂരെയുള്ള മാർക്കറ്റിലേക്ക് സാധനങ്ങൾ വാങ്ങാൻ പോയി. അഛൻ മകനെ കഴുതപ്പുറത്ത് കയറ്റിയിരുത്തി. അതിനെ തെളിച്ചു കൊണ്ട് അയാൾ കഴുതക്ക് പുറകെ നടന്നു.

പല കാര്യങ്ങളും സംസാരിച്ചുകൊണ്ട് അവർ ഒരു ഗ്രാമത്തിലൂടെ നടക്കുകയായിരുന്നു. മകൻ കഴുതപ്പുറത്ത് ഇരിക്കുന്നത് കണ്ട് ആളുകൾ പറഞ്ഞു:

"അത് കണ്ടോ, ആ വൃദ്ധനെ നടത്തിച്ചു മകൻ കഴുതപ്പുറത്ത് ഇരിക്കുന്നത് ഒട്ടും ശരിയായില്ല."

അതുകേട്ട് മകൻ മനസ്സിൽ കരുതി: ആളുകൾ പറയുന്നത് ശരിയാണ്. അഛനെ നടത്തിച്ച് ഞാൻ കഴുതപ്പുറത്ത് ഇരിക്കുന്നത് ശരിയല്ല. അവൻ വേഗം താഴെയിറങ്ങി അഛനോട് കഴുതപ്പുറത്ത് ഇരിക്കാനാവശ്യപ്പെട്ടു.

അയാൾ കഴുതപ്പുറത്ത് കയറിയിരുന്നു. മകൻ അതിനെ തെളിച്ചു പിറകെ നടന്നു. കുറച്ചുകഴിഞ്ഞ് കുറച്ച് ആളുകൾ അവർക്കരികിലൂടെ നടന്നുപോയി. അഛനെയും മകനെയും നോക്കി അവർ പറഞ്ഞു:

"മകനെ നടത്തിച്ച് അഛൻ കഴുതപ്പുറത്തിരിക്കുന്നത് കണ്ടോ? അതൊട്ടും ശരിയല്ല."

അഛൻ അത് കേട്ടു. അദ്ദേഹം കരുതി: അവർ പറഞ്ഞത് ശരിയാണ്. പക്ഷേ, മകൻ കഴുതപ്പുറത്ത് കയറിയപ്പോഴും അതുതന്നെയല്ലേ ആളുകൾ പറഞ്ഞത്?

അഛൻ കഴതുപ്പുറത്തുനിന്നും താഴെയിറങ്ങി മകനോട് പറഞ്ഞു:

"ഇനി നമുക്ക് കുറച്ച് നടക്കാം. കഴുതക്ക് അല്പം ആശ്വാസവും ലഭിക്കട്ടെ."

മകനും അത് ശരി വെച്ചു. രണ്ടുപേരും കഴുതയെ തെളിച്ചു അതിന് പിറകെ നടക്കാനാരംഭിച്ചു.

മുൻപോട്ട് നടക്കുന്നതിനിടയിൽ അവരെ കണ്ട് ആളുകൾ പറഞ്ഞു: "കഴുതയുണ്ടായിട്ടും രണ്ടുപേരും നടക്കുന്നതെന്തിന്? അവർക്ക് അതിന്റെ മുതുകിൽ കയറിയിരുന്നാലെന്താ?"



അവർ രണ്ടുപേരെയും ഒന്നിച്ച് വഹിക്കാനുള്ള ആരോഗ്യമൊന്നും അവരുടെ കഴുതക്ക് ഉണ്ടായിരുന്നില്ല.

മകൻ അഛനോട് പറഞ്ഞു: "ഞാൻ കഴുതപ്പുറത്ത് ഇരുന്നപ്പോൾ ആളുകൾ എന്നെ കുറ്റപ്പെടുത്തി. അഛൻ കയറിയപ്പോഴും ആളുകൾ അഛനെ കുറ്റപ്പെടുത്തി. രണ്ടുപേരും കയറാതെ നടന്നപ്പോഴും ആളുകൾ നമ്മെ ആക്ഷേപിച്ചു. ഇനി ഒരു കാര്യം ചെയ്യാം. നമുക്ക് കഴുതയെ ചുമന്ന് നടക്കാം. അത് നമ്മെ കുറെ വഹിച്ചതല്ലേ?"

അഛൻ അത് ശരിവെച്ചു. രണ്ടുപേരും കഴുതയെ വഹിച്ചു നടന്നുനീങ്ങി. അതു കണ്ടതോടെ ആളുകൾ അവരെ കളിയാക്കി ചിരിക്കാനാരംഭിച്ചു.

*മോശമായല്ലേ? ആളുകൾ പറയുന്നതെല്ലാം അംഗീകരിച്ചാൽ നാം അബദ്ധത്തിൽ വീഴും. അറിവും പരിചയവുമുള്ളവരുടെ അഭിപ്രായം മാത്രം സ്വീകരിക്കുക. അവർക്കു മാത്രമേ നമ്മോട് സ്നേഹമുണ്ടാവുകയുള്ളൂ.*